# ജീവിതം ഭാഗ്യപൂർണമാകുന്നത് തിരുവചനങ്ങളിൽ വിശ്വസിക്കുമ്പോൾ: ആർച്ച്ബിഷപ് ഡോ. സൂസപാക്യം

*മേഴ്സി ജോർജ് ലോഗോസ് പ്രതിഭ

കൊച്ചി: ജീവിതം ഭാഗ്യപൂർണമാകുന്നത് തിരുവചനങ്ങളിൽ വിശ്വസിക്കുമ്പോഴാണെന്ന് തിരുവനന്തപുരം ആർച്ച്ബിഷപ് ഡോ. സൂസപാക്യം. വചനം നമ്മിൽ മാംസമായിത്തീരണം. അപ്പോഴാണ് വചനത്തിന്റെ ഫലം അനുഭവിക്കാനാകുന്നതെന്നും അദ്ദേഹം പറഞ്ഞു. കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടന്ന 14-ാമത് ലോഗോസ് ക്വിസ് 2013 ഗ്രാന്റ് ഫിനാലെ സമാപനസമ്മേളനം പാലാരിവട്ടം പിഒസിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആറുപേർ പങ്കെടുത്ത ഗ്രാന്റ് ഫിനാലെയിൽ ഇരിങ്ങാലക്കുട രൂപതയിലെ മേഴ്സി ജോർജ് ലോഗോസ് പ്രതിഭയായി. വിശുദ്ധനാട് സന്ദർശിക്കാനുള്ള വിമാനടിക്കറ്റും എവർറോളിംഗ് ട്രോഫിയും കാഷ് പ്രൈസും ആർച്ച്ബിഷപ് മേഴ്സിക്ക് സമ്മാനിച്ചു. അൽഫോൻസ ഡെന്നീസ് (പാലാ രൂപത), അനില സോജൻ, അമ്പിളി ലിയോ (തൃശൂർ അതിരൂപത), റോസ് മേരി ജിജി (കോതമംഗലം രൂപത), വൽസമ്മ സ്കറിയ (ചങ്ങനാശേരി അതിരൂപത) എന്നിവരാണ് ഗ്രാന്റ് ഫിനാലെയിൽ എത്തിയ മറ്റു അഞ്ചുപേർ. ഇവർക്കുള്ള ഗോൾഡു മെഡലുകളും കാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും ആർച്ച്ബിഷപ് സമ്മാനിച്ചു. 33 രൂപതകളിലെ 5000 പരീക്ഷ സെന്ററുകളിൽ നിന്ന് ആറു പ്രായവിഭാഗങ്ങളിലായി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ 586 പേരാണ് സംസ്ഥാനതല ക്വിസിൽ മത്സരിക്കാനെത്തിയത്.

ലോകത്തിലെ ഏറ്റവും വലിയ ക്വിസ് മൽസരമെന്നറിയപ്പെടുന്ന ലോഗോസ് ക്വിസിൽ ഇക്കുറി 5,85,000 പേരാണ് മത്സരിച്ചത്. ആഗോള കത്തോലിക്കാസഭയുടെ മെത്രാൻസിനഡിലും ലോഗോസ് ക്വിസ് പരാമർശിക്കപ്പെട്ടിരുന്നു.

ചടങ്ങിൽ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി വൈസ് ചെയർമാൻ ആന്റണി പാലമറ്റം, സെക്രട്ടറി റവ. ഡോ. ജോഷി മയ്യാറ്റിൽ, ട്രഷറർ റവ. സി. നിമ സിറ്റിസി, പിഒസി അസിസ്റ്റന്റ് ഡയറക്ടർ റവ. ഡോ. ജോർജ് കുരുക്കൂർ, സൗത്ത് ഇന്ത്യൻ ബാങ്ക് ജനറൽ മാനേജർ ഏബ്രഹാം കെ. ജോർജ്, ജോയി പാലക്കൽ, റവ. ഡോ. ജേക്കബ് പാക്സി ഒസിഡി എന്നിവർ പങ്കെടുത്തു. ചടങ്ങിൽ ബൈബിൾ പാരായണമാസത്തിന്റെ ഔദ്യോഗിക ഉദ്ഘാടനമുണ്ടായിരുന്നു. റവ. സി. ടെസി ബൈബിൾ പാരായണം ചെയ്തു. ബൈബിൾ പാരായണ കലണ്ടർ ആർച്ച്ബിഷപ് ഡോ. സൂസപാക്യം, ഏബ്രഹാം കെ. ജോർജിന് നൽകി പ്രകാശനം ചെയ്തു.